## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.T1236

11/02/2016 ൽ
മറുപടിയ്ക്ക്

### പട്ടയ നടപടികൾ

ചോദ്യം
ശ്രീ. വി. ശശി

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ഇടുക്കി ജില്ലയിലെ പട്ടയ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 2015 ജൂലൈ 9 ന് ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ: | (എ) 09/07/2015 ന് ചേർന്ന യോഗത്തിന്റെ മിനിട്സ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) യോഗതീരുമാനപ്രകാരം സംയുക്ത പരിശോധന നടത്തി പട്ടയം നൽകാനുള്ള ലിസ്റ്റ് തയ്യാറാക്കിയോ എന്നും പ്രസ്തുത ലിസ്റ്റനുസരിച്ച് എത്ര ഏക്കർ ഭൂമിയ്ക്ക് പട്ടയം നൽകാനാണ് കണ്ടെത്തിയത് എന്നും വ്യക്തമാക്കാമോ; | (ബി) സംയുക്തപരിശോധന നടത്തുന്നതിലേയ്ക്ക് വനം വകുപ്പിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും നാളിതുവരെ വനംവകുപ്പിൽ നിന്നും ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റ് ലഭിച്ചിട്ടില്ലാത്തതിനാൽ സംയുക്തപരിശോധന ആരംഭിച്ചിട്ടില്ല. |
| (സി) പട്ടയം നൽകാൻ കണ്ടെത്തിയ ഭൂമിയുടെ താലൂക്ക് തിരിച്ചുള്ള (ഡിവിഷനും റേഞ്ചും) കണക്ക് ലഭ്യമാക്കാമോ; | (സി) ബാധകമല്ല. |
| (ഡി) യോഗതീരുമാനപ്രകാരം ഡി.എഫ്.ഒ. മാർ തയ്യാറാക്കിയ ലിസ്റ്റ് ലഭ്യമാക്കാമോ? | (ഡി) ലിസ്റ്റ് വനംവകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**ഇടുക്കി ജില്ലയിലെ പട്ടയനടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് മറ്റ് വകുപ്പുകൾ മുഖേന സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 09.07.2015 തീയതിയിൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു.റവന്യൂ വകുപ്പ് മന്ത്രി, ബഹു.ഊർജ്ജ വകുപ്പ് മന്ത്രി, ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിലും ചേർന്ന യോഗത്തിന്റെ നടപടിക്രമം**

യോഗം ഉച്ചയ്ക്ക് 1 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ നിയമസഭാ മന്ദിരത്തിലെ ചേംബറിൽ ആരംഭിച്ചു. [പങ്കെടുത്തവരുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്]

ഇടുക്കി ജില്ലയിലെ പട്ടയ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് മറ്റ് വകുപ്പുകൾ മുഖേന സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനാണ് പ്രസ്തുത യോഗം വിളിച്ച് ചേർത്തിരിക്കുന്നത് എന്ന് ബഹു.റവന്യൂ വകുപ്പ് മന്ത്രി ആമുഖമായി അറിയിക്കുകയുണ്ടായി.

## ഊർജ്ജ വകുപ്പ്/കെ.എസ്.ഇ.ബി

### പത്ത്ചെയിൻ പ്രദേശത്തെ പതിവ് നടപടികൾ:-

ഉടുമ്പൻചോല താലൂക്കിലെ അയ്യപ്പൻ കോവിൽ വില്ലേജ് പരിധിയിൽപ്പെട്ട കാഞ്ചിയാർ, അയ്യപ്പൻ കോവിൽ പഞ്ചായത്തുകളിലും പീരുമേട് താലൂക്കിലെ ഉപ്പുതറ പഞ്ചായത്തിലും ജലവൈദ്യുത പദ്ധതികളുടെ പരമാവധി ജലസംഭരണ മേഖല ഉൾപ്പെട്ടുവരുന്നതാണ്. പരമാവധി ജലവിതാനത്തിന് പത്ത്ചെയിൻ (200 മീറ്റർ) ദൂരത്തിൽ മണ്ണൊലിപ്പ് തടയുന്നതിനായി കെ.എസ്.ഇ.ബി ഏറ്റെടുത്തിട്ടുള്ളതാണ്. പത്ത്ചെയിൻ പ്രദേശത്ത് പട്ടയം നൽകിയാൽ അത് സ്ഥലത്തിന്റെ ക്രയവിക്രയത്തിന് കൂടുതൽ ആക്കം കൂട്ടുമെന്നും അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധ്യതയുള്ളതും മണ്ണൊലിപ്പ്, തിട്ടയിടിയൽ തുടങ്ങിയവയ്ക്ക് ഇടയാക്കുമെന്നും ആയത് റിസർവോയറിന്റെ സന്തുലനാവസ്ഥയെയും ജലസംഭരണ ശേഷിയെയും ബാധിക്കുമെന്നും കെ.എസ്.ഇ.ബി അധികൃതർ യോഗത്തെ അറിയിച്ചു. വിശദമായ ചർച്ചയ്ക്കൊടുവിൽ റവന്യൂ വകുപ്പിലെയും വനം വകുപ്പിലെയും കെ.എസ്.ഇ.ബിയിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയ ആറ് ടീമുകളെ ഉപയോഗിച്ച് പത്ത്ചെയിൻ പരിധി ഡീമാർക്കേറ്റ് ചെയ്ത് ഫിക്സ് ചെയ്യുവാനും പ്രസ്തുത നടപടികൾ 13.07.2015-ന് ആരംഭിച്ച് ഒരാഴ്ചയ്ക്കുള്ളിൽ തന്നെ പൂർത്തിയാക്കേണ്ടതാണ്. ഇടുക്കി ജില്ലാ കളക്ടർ പ്രസ്തുത വിഷയം ഏകോപിപ്പിക്കേണ്ടതുമാണ്.

### ചെറുതോണി ടൗണിലെ പട്ടയവിതരണം:-

ഇടുക്കി വില്ലേജിൽപ്പെട്ട ചെറുതോണി പട്ടണം; ഇടുക്കി, ചെറുതോണി ഡാമുകളുടെ താഴ്‌വാരത്തിൽ സ്ഥിതിചെയ്യുന്നതാണ്. കെ.എസ്.ഇ.ബി അധികൃതർ MFL (Maximum Flood Level) ആയി അടയാളപ്പെടുത്തിയിരിക്കുന്ന പരിധിക്കുള്ളിലാണ് ചെറുതോണി പട്ടണത്തിലെ ഭൂരിഭാഗം വ്യാപാര സ്ഥാപനങ്ങളും സ്ഥിതിചെയ്യുന്നത്. ഈ കടകൾക്ക് പട്ടയം നൽകണമെങ്കിൽ കെ.എസ്.ഇ.ബിയുടെ എൻ.ഒ.സി ആവശ്യമാണ്. പ്രസ്തുത വിഷയം യോഗത്തിൽ ചർച്ച ചെയ്യുകയും MFL (Maximum Flood Level)-ൽ നിന്നും പത്തടി കൂടി ഉയർന്ന പ്രദേശങ്ങളിൽ പട്ടയം

കൊടുക്കാമോ എന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി അധികൃതരും ഡാം ഓഫീസറും ഇടുക്കി ജില്ലാ കളക്ടറും ചേർന്ന് സ്ഥല പരിശോധന നടത്തി പരിശോധിക്കേണ്ടതാണെന്നും ഊർജ്ജ വകുപ്പ് മന്ത്രി അറിയിച്ചു.

### മൂലമറ്റം എ.കെ.ജി കോളനിയിലെ പട്ടയവിതരണം:-

മൂലമറ്റം എ.കെ.ജി കോളനി എന്ന പേരിൽ 106 കുടുംബങ്ങൾ വീട് നിർമ്മിച്ച് താമസിച്ച് വരുന്നതാണ്. കെ.എസ്.ഇ.ബി പൊന്നുംവിലയ്ക്കെടുത്ത് കൈവശത്തിൽ വച്ചിരുന്ന ഭൂമിയിൽ 1989-ലെ മലവെള്ളപ്പാച്ചിലിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുകയാണുണ്ടായത്. ഇവർക്ക് പട്ടയം നൽകുന്നതിൽ എതിർപ്പില്ലായെന്ന് 2012-ൽ കെ.എസ്.ഇ.ബി അറിയിച്ചിട്ടുള്ളതുമാണ്. ഭൂമി പതിച്ച് കൊടുക്കാനുള്ള ഉത്തരവ് കെ.എസ്.ഇ.ബിയിൽ നിന്നും അംഗീകാരത്തിനായി റവന്യൂ വകുപ്പിലേക്ക് കൈമാറിയെന്നും യോഗത്തെ അറിയിക്കുകയുണ്ടായി. വിഷയത്തിൽ റവന്യൂ വകുപ്പ് മേൽനടപടികൾ സ്വീകരിക്കുവാനും തീരുമാനമായി. (നടപടി- റവന്യൂ (എ)വകുപ്പ്)

### കുഞ്ചിത്തണ്ണിയിൽ റവന്യൂ വകുപ്പിന് ഭൂമി കൈമാറുന്നത്:-

കുഞ്ചിത്തണ്ണിയിൽ റവന്യൂ വകുപ്പിന് ഭൂമി കൈമാറുന്ന വിഷയം യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. 25 ഹെക്ടർ ഭൂമി അടിയന്തിരമായി റവന്യൂ വകുപ്പിന് കൈമാറുവാനും ഒരാഴ്ചയ്ക്കകം ഉത്തരവ് പുറപ്പെടുവിക്കുവാനും ബഹു.ഊർജ്ജ വകുപ്പ് മന്ത്രി കെ.എസ്.ഇ.ബി അധികൃതർക്ക് നിർദ്ദേശം നൽകി. മെഗാ പട്ടയമേളയിൽ പട്ടയം നൽകുന്നതിനായി സർവ്വെ ജോലികൾ ആരംഭിക്കുവാനും യോഗത്തിൽ തീരുമാനമായി.

## <u>തദ്ദേശ സ്വയംഭരണ വകുപ്പ്</u>

### ഇടുക്കി ഡവലപ്പ്മെന്റ് അതോറിറ്റി വക സ്ഥലത്തെ പട്ടയവിതരണം:-

1982-ൽ വനം വകുപ്പിൽ നിന്നും റവന്യൂ വകുപ്പിലേക്ക് ഇടുക്കി ഡവലപ്പ്മെന്റ് അതോറിറ്റിയിൽ ഉൾപ്പെട്ട ഭൂമി നൽകി ഉത്തരവ് നൽകിയതായി കളക്ടർ യോഗത്തെ അറിയിക്കുകയുണ്ടായി. പ്രസ്തുത ഭൂമിയിൽ പട്ടയവിതരണം നടത്തുന്നതിന് ജില്ലാ പഞ്ചായത്തിന്റെ എൻ.ഒ.സി ആവശ്യമാണെന്നും ആയത് ലഭിച്ചിട്ടില്ലായെന്നും കളക്ടർ യോഗത്തെ അറിയിക്കുകയുണ്ടായി. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി വിഷയം പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കാമെന്ന് യോഗത്തെ അറിയിക്കുകയുണ്ടായി.

### കാഞ്ചിയാർ പഞ്ചായത്തിന്റെ ഭൂമി വിട്ടു നൽകുന്നത്:-

കാഞ്ചിയാർ പഞ്ചായത്തിന്റെ സർവ്വെ നം.19/1 ൽ ഉൾപ്പെട്ടിട്ടുള്ള 2 ഏക്കർ 23 സെന്റ് ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ആവശ്യത്തിനായി വിട്ടു നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുമെന്ന് തദ്ദേശ സ്വയംഭരണ അധികൃതർ അറിയിച്ചു. ആയത് വേഗത്തിൽ തീർക്കണമെന്ന് ബഹു.റവന്യൂ വകുപ്പ് മന്ത്രി നിർദ്ദേശിച്ചു.

**<u>നിയമ വകുപ്പ്</u>**

**1993-ലെ ഉടുമ്പൻചോല താലൂക്ക് പരിധിയിൽ (വിഭജിച്ച് പോയ ഇടുക്കി താലൂക്കിന്റെ ഭാഗങ്ങൾ ഉൾപ്പെടെ) 1993-ലെ കേരള ഭൂമി പതിവ് (01.01.1977 ന് മുൻപുള്ള വനഭൂമി കുടിയേറ്റം) പ്രത്യേക ചട്ടങ്ങൾ പ്രകാരം പതിവ് അനുവദിക്കുന്നത്:-**

രജിസ്റ്ററിൽ, തരിശ്, കരിങ്കാട്, റിസർവ്വ് ഫോറസ്റ്റ്, പുൽമേട് എന്നിങ്ങനെ രേഖപ്പെടുത്തിയ കേസുകളിൽ പട്ടയം അനുവദിക്കാവുന്നതാണോ എന്ന വിഷയം നിയമവകുപ്പ് പരിശോധിച്ച് ഉടനെ തന്നെ തീരുമാനമെടുക്കുന്നതാണ്. (നടപടി-റവന്യൂ (എൽ) വകുപ്പ്)

**(1) 1993-ലെ ഭൂമി പതിവ് പ്രത്യേക ചട്ടങ്ങളിലെ Predecessor/Successor-Interest എന്നതിന്റെ നിർവ്വചനം:-**

1993-ലെ റൂൾ 2(എഫ്) ചട്ടം ഭേദഗതി ചെയ്യണമെന്നും പ്രസ്തുത ഭേദഗതി ഉടനെതന്നെ പുറപ്പെടുവിക്കുന്നതാണെന്നും യോഗത്തിൽ തീരുമാനമായി. (നടപടി-റവന്യൂ (യു) വകുപ്പ്)

(2) Stamped Instrument-ന്റെ നിർവ്വചനം, പട്ടയ വിതരണത്തിന് തടസ്സമാണെന്ന ജില്ലാ കളക്ടർ അറിയിച്ചു. ഇത് പരിശോധിച്ച് തടസ്സം നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. (നടപടി-റവന്യൂ (യു) വകുപ്പ്)

**<u>വനം വകുപ്പ്</u>**

**ജോയിന്റ് വെരിഫിക്കേഷൻ നടത്തുന്നത്:-**

ഇടുക്കിയിലെ വിവിധ പ്രദേശങ്ങളിൽ യഥാവിധി ജോയിന്റ് വെരിഫിക്കേഷൻ നടന്നിട്ടില്ലായെന്നും നടന്ന സ്ഥലങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റ് തയ്യാറാക്കപ്പെട്ടിട്ടില്ലായെന്നും അതിനാൽ പട്ടയം അനുവദിക്കാൻ സാധിക്കുന്നില്ലായെന്നും യോഗത്തിൽ അഭിപ്രായമുയർന്നു. ജോയിന്റ് വെരിഫിക്കേഷൻ റിക്കോർഡുകൾ വനംവകുപ്പിൽ നിന്നും ഒപ്പിട്ട് ലഭിച്ചിട്ടില്ലായെന്നും യോഗത്തെ റവന്യൂ അധികൃതർ അറിയിക്കുകയുണ്ടായി. 500 ഹെക്ടർ സ്ഥലത്ത് മാത്രമേ ഇനി ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കാനുള്ളൂ എന്ന് വനം വകുപ്പ് അധികൃതർ യോഗത്തെ അറിയിക്കുകയുണ്ടായി. ആയത് ഉടൻ ആരംഭിക്കുമെന്നും ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയ ലിസ്റ്റ് അടിയന്തിരമായി അതാത് ഡി.എഫ്.ഒമാർ ജില്ലാകളക്ടർക്ക് നൽകണമെന്നും യോഗത്തിൽ തീരുമാനമായി.

**കാന്തല്ലൂർ വില്ലേജിൽ ഭൂമി ഡീമാർക്കേറ്റ് ചെയ്ത് മാറ്റുന്നത് സംബന്ധിച്ച്:-**

സർവ്വെയർമാരെ നൽകുന്ന മുറയ്ക്ക് ജോലി പൂർത്തീകരിച്ച് നൽകുവാനും ആയതിലേക്കായി സർവ്വെയർമാരെ റവന്യൂ വകുപ്പിൽ നിന്ന് നൽകുവാനും തീരുമാനമായി. വനംവകുപ്പ് നോട്ടിഫൈ ചെയ്ത സ്ഥലം കാണിച്ച് നൽകുവാൻ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുവാനും യോഗത്തിൽ തീരുമാനമായി. നടപടികൾ മൂന്നാഴ്ച കൊണ്ട് പൂർത്തിയാക്കുവാനും സീറോ ലാൻഡ്‌ലെസ്സ് പദ്ധതി പ്രകാരവും മറ്റ് ചട്ടങ്ങൾ പ്രകാരവും പട്ടയങ്ങൾ നൽകുവാൻ യോഗത്തിൽ തീരുമാനമായി.

## ഇ.എഫ്.എൽ നിയമത്തിൽ ഭേദഗതി വരുത്തുന്നത്:-

ഓരോ കൈവശക്കാരും അപേക്ഷ നൽകുന്ന മുറയ്ക്ക് ഡിലേ കൺഡോൺ ചെയ്ത് നൽകുന്നതും ഇ.എഫ്.എൽ-ൽ നിന്നും ഒഴിവാക്കുന്നത് ട്രൈബ്യൂണൽ പരിഗണിക്കുന്നതുമാണ് എന്ന് യോഗത്തിൽ തീരുമാനമായി. ഇതിനോടകം തന്നെ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ പട്ടയം നൽകുന്നത് പരിശോധിക്കാൻ ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

## വനാവകാശ രേഖ:-

വനംവകുപ്പ് ജോയിന്റ് വെരിഫിക്കേഷൻ നടപടികൾ ഉടൻ പൂർത്തിയാക്കേണ്ടതും മെഗാ പട്ടയമേളയുടെ ഭാഗമായി വനാവകാശ രേഖ നൽകുവാനും യോഗത്തിൽ തീരുമാനമായി. ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുവാൻ ജില്ലാതല കമ്മിറ്റി കൂടുവാനും തീരുമാനമായി.

യോഗത്തിൽ ബഹു.മുഖ്യമന്ത്രി ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു.

01.08.1971-ന് മുൻപ് ഭൂമി കൈവശം വച്ചു വരുന്നവരുടെ പിൻതുടർച്ചാവകാശക്കാർക്കും വരുമാന പരിധി ഒഴിവാക്കി പട്ടയം നൽകുന്നത് സംബന്ധിച്ച ശുപാർശ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ അദ്ദേഹം നിർദ്ദേശിച്ചു.

പട്ടയ ഫോറങ്ങളിലെ വ്യവസ്ഥകൾ സംബന്ധിച്ച് പരിശോധന നടത്തി വേണ്ട മാറ്റങ്ങൾ നടത്തുന്നതിനാവശ്യമായ ശുപാർശ നൽകുവാൻ ജില്ലാ കളക്ടറോടും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയോടും അദ്ദേഹം നിർദ്ദേശിച്ചു.

നട്ടുവളർത്തിയ മരങ്ങൾ പട്ടാദാർ മുറിക്കുന്നത് സംബന്ധിച്ചും സംരക്ഷിത മരങ്ങളുടെ പട്ടികയിൽ ഉള്ളത് പട്ടയം നൽകുന്ന സമയത്ത് വില നിശ്ചയിച്ച് അടയ്ക്കുകയോ റിസർവ്വ് ചെയ്ത ശേഷം പണം അടയ്ക്കുമ്പോൾ മരം മുറിക്കുന്നത് സംബന്ധിച്ചും ശുപാർശ ലഭ്യമാക്കി പരിശോധിക്കുവാൻ അദ്ദേഹം നിർദ്ദേശിച്ചു.

യോഗത്തിൽ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1) പത്ത്ചെയിൻ പ്രദേശത്തെ പതിവ് നടപടികൾ സംബന്ധിച്ച് റവന്യൂ വകുപ്പിലെയും വനം വകുപ്പിലെയും കെ.എസ്.ഇ.ബിയിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയ ആറ് ടീമുകളെ ഉപയോഗിച്ച് പത്ത്ചെയിൻ പരിധിയ്ക്കുള്ളിൽ സർവ്വേ നടത്തണം. പ്രസ്തുത നടപടികൾ 13.07.2015-ന് ആരംഭിച്ച് ഒരാഴ്ചയ്ക്കുള്ളിൽ തന്നെ പൂർത്തിയാക്കാനും തീരുമാനിച്ചു. (നടപടി-വനം, ഊർജ്ജ വകുപ്പുകൾ, കെ.എസ്.ഇ.ബി, ഇടുക്കി ജില്ലാ കളക്ടർ)

2) ചെറുതോണി ടൗണിലെ പട്ടയ വിതരണം സംബന്ധിച്ച് MFL (Maximum Flood Level)-ൽ നിന്നും പത്തടി കൂടി ഉയർന്ന പ്രദേശങ്ങളിൽ പട്ടയം കൊടുക്കാമോ എന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി അധികൃതരും ഡാം ഓഫീസറും ഇടുക്കി ജില്ലാ കളക്ടറും ചേർന്ന് സ്ഥല പരിശോധന നടത്തേണ്ടതാണ്.
(നടപടി-ഊർജ്ജ വകുപ്പ്, കെ.എസ്.ഇ.ബി, ഇടുക്കി ജില്ലാ കളക്ടർ)

3) കുഞ്ചിത്തണ്ണിയിൽ കെ.എസ്.ഇ.ബി അധീനതയിലുള്ള ഭൂമിയിൽ നിന്നും 25 ഹെക്ടർ ഭൂമി റവന്യൂ വകുപ്പിന് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി കൈമാറുന്നതിനുള്ള ഉത്തരവ് ഒരാഴ്ചയ്ക്കകം പുറപ്പെടുവിക്കേണ്ടതാണ്. (നടപടി- കെ.എസ്.ഇ.ബി, ഊർജ്ജ വകുപ്പ്)

4) 1982-ൽ വനം വകുപ്പിൽ നിന്നും റവന്യൂ വകുപ്പിലേക്ക് ഇടുക്കി ഡവലപ്പ്മെന്റ് അതോറിറ്റിയിൽ ഉൾപ്പെട്ട ഭൂമിയിൽ പട്ടയവിതരണം നടത്തുന്നതിന് ജില്ലാ പഞ്ചായത്തിന്റെ എൻ.ഒ.സി ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. (നടപടി- തദ്ദേശ സ്വയംഭരണ വകുപ്പ്)

5) കാഞ്ചിയാർ പഞ്ചായത്തിന്റെ ഭൂമി വിട്ടു നൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും ശുപാർശ ലഭ്യമാക്കി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. (നടപടി- തദ്ദേശ സ്വയംഭരണ വകുപ്പ്)

6) ഇടുക്കിയിലെ വിവിധ പ്രദേശങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ ഇനിയും നടത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ അടിയന്തിരമായി ജോയിന്റ് വെരിഫിക്കേഷൻ നടത്തേണ്ടതും ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയ ലിസ്റ്റ് അടിയന്തിരമായി അതാത് ഡി.എഫ്.ഒമാർ ജില്ലാകളക്ടർക്ക് നൽകേണ്ടതാണ്. (നടപടി- വനം വകുപ്പ്, കമ്മീഷണർ, ലാൻഡ് റവന്യൂ, ജില്ലാ കളക്ടർ, റവന്യൂ (എൽ) വകുപ്പ്)

7) കാന്തല്ലൂർ വില്ലേജിൽ ഭൂമി ഡീമാർക്കേറ്റ് ചെയ്ത് മാറ്റുന്നതുമായി ബന്ധപ്പെട്ട് സർവ്വെയർമാരെ റവന്യൂ വകുപ്പിൽ നിന്ന് നൽകുവാനും വനംവകുപ്പ് നോട്ടിഫൈ ചെയ്ത സ്ഥലം കാണിച്ചു നൽകുന്നതിന് വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും മൂന്നാഴ്ച കൊണ്ട് നടപടി പൂർത്തിയാക്കേണ്ടതുമാണ്. (നടപടി- സർവ്വെ വകുപ്പ്, വനം വകുപ്പ്, ജില്ലാ കളക്ടർ)

8) ഇ.എഫ്.എൽ പ്രദേശത്തെ പട്ടയം സംബന്ധിച്ച് ഓരോ കൈവശക്കാരും അപേക്ഷ നൽകുന്ന മുറയ്ക്ക് ഡിലേ കൺഡോൺ ചെയ്ത് നൽകുന്നത് പരിശോധിക്കേണ്ടതും ഇ.എഫ്.എൽ-ൽ നിന്നും ഒഴിവാക്കുന്നത് ട്രൈബ്യൂണൽ പരിഗണിക്കേണ്ടതുമാണ്. ഇതിനോടകം തന്നെ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ പട്ടയം നൽകുന്നതും പരിശോധിക്കേണ്ടതാണ്. (നടപടി- വനം വകുപ്പ്, ജില്ലാ കളക്ടർ)

9) വനംവകുപ്പ് ജോയിന്റ് വെരിഫിക്കേഷൻ നടപടികൾ ഉടൻ പൂർത്തിയാക്കേണ്ടതും മെഗാ പട്ടയമേളയുടെ ഭാഗമായി വനാവകാശ രേഖ നൽകുവാനും ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുവാൻ ജില്ലാതല കമ്മിറ്റി കൂടുവാനും തീരുമാനിച്ചു. (നടപടി- വനംവകുപ്പ്, ജില്ലാ കളക്ടർ, റവന്യൂ (എൽ) വകുപ്പ്)

10) 01.08.1971-ന് മുൻപ് ഭൂമി കൈവശം വച്ചു വരുന്നവരുടെ പിൻതുടർച്ചാവകാശക്കാർക്കും വരുമാന പരിധി ഒഴിവാക്കി പട്ടയം നൽകുന്നത് സംബന്ധിച്ച ശുപാർശ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്. (നടപടി- ലാൻഡ് റവന്യൂ കമ്മീഷണർ, റവന്യൂ (യു) വകുപ്പ്)

11) പട്ടയ ഫോറങ്ങളിലെ വ്യവസ്ഥകൾ സംബന്ധിച്ച് പരിശോധന നടത്തി വേണ്ട മാറ്റങ്ങൾ നടത്തുന്നതിനാവശ്യമായ ശുപാർശ നൽകേണ്ടതാണ്. ബാങ്ക് ലോണുകൾ ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന നിബന്ധനകൾ ഒഴിവാക്കേണ്ടതാണ്. (നടപടി-ജില്ലാ കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ)

12) നട്ടുവളർത്തിയ മരങ്ങൾ പട്ടാദാർ മുറിക്കുന്നത് സംബന്ധിച്ചും സംരക്ഷിത മരങ്ങളുടെ പട്ടികയിൽ ഉള്ളത് പട്ടയം നൽകുന്ന സമയത്ത് വില നിശ്ചയിച്ച് അടയ്ക്കുകയോ റിസർവ്വ് ചെയ്ത ശേഷം പണം അടയ്ക്കുമ്പോൾ മരം മുറിക്കുന്നത് സംബന്ധിച്ചും ശുപാർശ ലഭ്യമാക്കേണ്ടതാണ്. (നടപടി- കമ്മീഷണർ, ലാൻഡ് റവന്യൂ)

13) CHR മേഖലയിലെ Land Register-ൽ ഭൂമിയുടെ ഇനം തരിശ്, പുൽമേട്, കരിങ്കാട്, ഏലം എന്നിങ്ങനെ രേഖപ്പെടുത്തിയത് പട്ടയ വിതരണത്തെ തടസ്സപ്പെടുത്തുന്നു. ഇത് നിയമ വകുപ്പ് പരിശോധിച്ച് നടപടി സ്വീകരിക്കണം.

14) മൂലമറ്റം എ.കെ.ജി കോളനിയിലെ 106 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള തീരുമാനം നടപ്പിലാക്കേണ്ടതാണ്.

യോഗം ഉച്ചയ്ക്ക് 2.10-ന് അവസാനിച്ചു.

# List of Participants who attended the meeting on 09.07.2015

| | | |
|---|---|---|
| 1) | ഡോ.വിശ്വാസ് മേത്ത | പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് |
| 2) | ശ്രീ.പി.മാരപാണ്ഡ്യൻ | പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ് |
| 3) | ശ്രീ.ബി.ജി ഹരീന്ദ്രനാഥ് | സെക്രട്ടറി,നിയമ വകുപ്പ് |
| 4) | ശ്രീ.എം.സി.മോഹൻദാസ് | കമ്മീഷണർ, ലാൻഡ് റവന്യൂ |
| 5) | ശ്രീ.ഇ.ദേവദാസൻ | സെക്രട്ടറി, ലാൻഡ് ബോർഡ്, |
| 6) | ശ്രീ.ബി.എസ്.കോറി | ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് |
| 7) | ശ്രീ.വി.രതീശൻ | ജില്ലാ കളക്ടർ, ഇടുക്കി |
| 8) | ശ്രീ.ജീവൻ ബാബു കെ | ഡയറക്ടർ, സർവ്വേ & ലാൻഡ് റിക്കോർഡ്സ് |
| 9) | ശ്രീ.കെ.ജെ.വർഗ്ഗീസ് | APCCF (E&TW) |
| 10) | ശ്രീമതി രേണു പി. നായർ | ഡെപ്യൂട്ടി സെക്രട്ടറി, വനം വന്യജീവി വകുപ്പ് |
| 11) | ശ്രീമതി സ്റ്റെല്ല ലിറ്റിൽ ഫ്ലവർ എം.കെ | അണ്ടർ സെക്രട്ടറി, റവന്യൂ വകുപ്പ് |
| 12) | ശ്രീ.മധു ഗംഗാധർ | അസിസ്റ്റന്റ് കമ്മീഷണർ, എൽ.എ, കമ്മീഷണറേറ്റ് ഓഫ് ലാൻഡ് റവന്യൂ |
| 13) | ശ്രീ.റ്റി.ജേക്കബ് | അസിസ്റ്റന്റ് കമ്മീഷണർ, (എൽ.ആർ), കമ്മീഷണറേറ്റ് ഓഫ് ലാൻഡ് റവന്യൂ |
| 14) | ശ്രീ.കെ.ഒ.രാജേന്ദ്രൻ | ഡെപ്യൂട്ടി കളക്ടർ (എൽ.എ), ഇടുക്കി |
| 15) | ശ്രീ.സി.വി.നന്ദൻ | ഡയറക്ടർ (Gen. HRM), കെ.എസ്.ഇ.ബി ലിമിറ്റഡ് |
| 16) | ശ്രീ.എസ്.രാജീവ് | CE (DS &DRIP), KSEB |
| 17) | ശ്രീ.എസ്.അൻസാദ് | ഡെപ്യൂട്ടി ഡയറക്ടർ, സർവ്വെ |
| 18) | ശ്രീ.എം.എസ്.ജയകുമാർ | ഡി.എഫ്.ഒ, കോട്ടയം |
| 19) | ശ്രീ.പി.പി.ചെറിയാൻ കുഞ്ഞ് | ഡി.എഫ്.ഒ, കോതമംഗലം |